# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2081 16.08.2017-ൽ മറുപടിയ്ക്ക്

**ലോട്ടറി സമ്മാന ഘടനയിൽ മാറ്റം**

| ചോദ്യം<br>ശ്രീ.സി. ദിവാകരൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഇതര സംസ്ഥാന ലോട്ടറികൾ എത്തുന്നതോടെ കേരള ലോട്ടറികളുടെ വിൽപ്പനയെ ബാധിക്കുമെന്നുള്ളത് കണക്കിലെടുത്ത് വിൽപ്പന വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) യും (ബി) യും | കേരള സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളുടെ വില്പന വർദ്ധിപ്പിക്കുന്നതിനായി 2017 ജൂൺ 1-ാം തീയതിയിലെ നറുക്കെടുപ്പുകൾ മുതൽ പ്രാബല്യത്തിൽ വരുത്തി, എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും മുഖവില 30/- രൂപയാക്കി ഏകീകരിച്ചുകൊണ്ടും, സമ്മാനയിനത്തിൽ 5% കൂടി വർദ്ധനവ് വരുത്തിയും പ്രതിവാര ഭാഗ്യക്കുറികളുടെ സമ്മാന ഘടനകൾ പരിഷ്കരിച്ചിരുന്നു. എന്നാൽ 01.07.2017 മുതൽ ചരക്കുസേവന നികുതി പ്രാബല്യത്തിൽ വരുകയും കേരള സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകളിന്മേലുള്ള നികുതി 12 ശതമാനമായി നിജപ്പെടുത്തുകയും ചെയ്തതിനെ തുടർന്ന്, ടിക്കറ്റുകളുടെ മുഖവില 26.8 രൂപയും, ജി.എസ്.റ്റി.ഉൾപ്പെടെ പരമാവധി വില്പന വില 30/- രൂപയാക്കി നിശ്ചയിച്ച കൊണ്ടും എല്ലാ പ്രതിവാര ഭാഗ്യക്കുറികളുടെയും സമ്മാന ഘടനകൾ 15.07.2017-ലെ നറുക്കെടുപ്പുകൾ മുതൽ പ്രബല്യത്തിൽ വരുത്തി വീണ്ടും പരിഷ്കരിച്ചിട്ടുണ്ട്. സമ്മാനങ്ങളുടെ എണ്ണത്തിൽ വർദ്ധനവ് വരുത്തിക്കൊണ്ടും, 12 സീരീസുകളിലായി പരമാവധി 1 കോടി 8 ലക്ഷം ടിക്കറ്റുകൾ അച്ചടിക്കത്തക്ക വിധത്തിലും ആകർഷണീയമായാണ് സമ്മാനഘടനകൾ ആവിഷ്കരിച്ചിരിക്കുന്നത്.<br><br>ഇതുകൂടാതെ നിയമവിധേയമല്ലാത്ത ഇതര സംസ്ഥാന ഭാഗ്യക്കുറികളുടെ വില്പന തടയുന്നതിന് കർശനമായ നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായി സമ്മാന ഘടനയിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ? | | |

സെക്ഷൻ ഓഫീസർ